# അമ്പിയാക്കന്മാരുടെ പാതയിൽ ജീവിക്കുക

കബീർ എം. പറളി

നാം മുസ്‌ലിമുകൾ. അല്ലാഹുവിനെ മാത്രം ഇലാഹായി വിശ്വസിക്കുകയും അവനെ മാത്രം ആരാധിക്കുകയും ചെയ്യുന്നവർ. നമ്മുടെ ഹബീബായ നബി(സ്വ) പഠിപ്പിച്ചതു മാത്രം ജീവിതത്തിൽ പാലിക്കാൻ ശ്രദ്ധകാണിക്കുന്നവരാണ് നമ്മൾ. വിശുദ്ധഖുർആനും നബി തിരുമേനി (സ്വ)യുടെ സുന്നത്തുമാണ് നമ്മൾ പിന്തുടരുന്നത്. ജീവിതത്തിലെന്നും, ഏതു കാര്യത്തിനും നാം അല്ലാഹുവിനെ മാത്രമാണ് ആശ്രയിക്കേണ്ടത്. അവനോടാണ് പ്രാർത്ഥിക്കേണ്ടതും. അമ്പിയാക്കന്മാരും, ഔലിയാക്കന്മാരും അങ്ങനെ ജീവിച്ചവരാണ്. നമ്മുടെ പ്രാർത്ഥന അല്ലാഹുവിനുള്ള ഇബാദത്താണ്. ഇബാദത്ത് അല്ലാഹു അല്ലാത്തവർക്ക് പാടില്ല എന്ന് നമ്മൾ പഠിച്ചിട്ടുണ്ട്.

പാപങ്ങൾ പൊറുത്തു കിട്ടാനും, ആഗ്രഹങ്ങൾ നിവൃത്തിച്ചു കിട്ടാനും, ബുദ്ധമുട്ടുകളിൽ നിന്ന് രക്ഷപ്പെടാനും, രോഗങ്ങൾ സുഖപ്പെടുവാനും, പരീക്ഷണങ്ങളിൽ നിന്ന് കരകയറുവാനും നമ്മൾ നമ്മെ സൃഷ്ടിച്ച റബ്ബിനെയാണ് സമീപിക്കേണ്ടത്. അവൻ നമ്മുടെ പ്രാർഥനകൾക്ക് ഉത്തരം നൽകാൻ സന്നദ്ധനാണ്. അവൻ കരുണാമയനാണ്. അടിമകളോട് ഏറെ ദയയുള്ളവനുമാണ്. അല്ലാഹു പറയുന്നത് കാണുക:

‘‘നിന്നോട് എന്റെ ദാസൻമാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക.) പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർത്ഥിച്ചാൽ ഞാൻ ആ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്നതാണ്.’’ (ബഖറ: 186)

നോക്കുക! നമ്മുടെ നാഥൻ നമ്മുടെ ഏത് പ്രാർത്ഥനക്കും ഉത്തരം തരാൻ സന്നദ്ധനാണ് എന്നത്രെ ഈ വിശുദ്ധ വചനം പഠിപ്പിക്കുന്നത്. നാം ആരേക്കാളും കൂടുതൽ സ്നേഹിക്കുന്ന മുത്ത് റസൂൽ പറഞ്ഞത് വായിക്കുക:

ഇബ്നു അബ്ബാസ്(റ) നിവേദനം: ‘‘നീ ചോദിക്കുകയാണെങ്കിൽ അല്ലാഹുവിനോട് ചോദിക്കുക. നീ സഹായത്തിന് തേടുകയാണെങ്കിൽ അല്ലാഹുവിനോട് തേടുക.’’ (അഹ്മദ്)

നബി തിരുമേനി(സ്വ) തന്റെ ജീവിതകാലത്ത് ഒരിക്കൽ പോലും അല്ലാഹുവിനോടല്ലാതെ പ്രാർത്ഥിച്ചിട്ടില്ല. പ്രവാചകന്മാരെല്ലാവരും അങ്ങിനെത്തന്നെ. മഹാനായ പ്രവാചകന്റെ സച്ചരിതരായ സ്വഹാബികൾ, അവർക്ക് നേരിട്ട പ്രതിസന്ധികളിലെല്ലാം അല്ലാഹുവിനേയാണ് ആശ്രയിച്ചിരുന്നതും പ്രാർഥിച്ചിരുന്നതും. അപ്പോൾ മുസ്‌ലിമുകളായ നമ്മളും അവരെപ്പോലെ അല്ലാഹുവിനോട് മാത്രമല്ലെ പ്രാർത്ഥി ക്കേണ്ടത്?

നമ്മുടെ പിതാവ് ആദം നബി(അ)യും മാതാവ് ഹവ്വ(റ)യും മാപ്പു ലഭിക്കാൻവേണ്ടി പ്രാർത്ഥിച്ചത് ആരോടാണ്? അല്ലാഹുവോട് മാത്രം. ഖുർആൻ പറയുന്നത് കാണുക:

‘‘അവർ രണ്ടുപേരും പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളോട് തന്നെ അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തുതരികയും, കരുണ കാണിക്കുകയും ചെയ്തില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായിരിക്കും.’’ (അഅ്റാഫ്: 23)

തന്നെയും വിശ്വാസികളേയും ദ്രോഹിച്ച മുശ്‌രിക്കുകളിൽ നിന്ന് രക്ഷലഭിക്കാൻ നൂഹ് നബി(അ) പ്രാർഥിച്ചത് ആരോടാണ്? അല്ലാഹുവോട് മാത്രം. ഖുർആൻ പറയുന്നത് കാണുക:

‘‘നൂഹിനെയും (ഓർക്കുക). മുമ്പ് അദ്ദേഹം വിളിച്ച് പ്രാർത്ഥിച്ച സന്ദർഭം. അദ്ദേഹത്തിന് നാം ഉത്തരം നൽകി. അങ്ങനെ അദ്ദേഹത്തെയും, അദ്ദേഹത്തിന്റെ കുടുംബത്തെയും നാം മഹാ ദുഃഖത്തിൽ നിന്ന് രക്ഷപ്പെടുത്തി.’’ (അമ്പിയാഅ്: 76)

ദീർഘകാലം കുട്ടിയില്ലാതെ കഴിഞ്ഞുകൂടിയ സകരിയ്യ നബി(അ) ഒരു കുഞ്ഞിക്കാലു കാണാൻ പ്രാർഥിച്ചത് ആരോടാണ്? അല്ലാഹുവോട് മാത്രം. ഖുർആൻ പറയുന്നത് കാണുക:

‘‘സകരിയ്യ തന്റെ രക്ഷിതാവിനോട് പ്രാർത്ഥിച്ചു: എന്റെ രക്ഷിതാവേ, എനിക്ക് നീ നിന്റെ പക്കൽ നിന്ന് ഒരു ഉത്തമ സന്താനത്തെ നൽകേണമേ. തീർച്ചയായും നീ പ്രാർത്ഥന കേൾക്കുന്നവനാണല്ലോ.’’ (ആലു ഇംറാൻ: 38)

നീണ്ടവർഷം രോഗബാധിതനായിത്തീർന്ന അയ്യൂബ് നബി(അ)യെ നിങ്ങൾക്കറിയാമല്ലൊ? തനിക്ക് ബാധിച്ച രോഗത്തിൽ നിന്ന് രക്ഷപ്പെടാൻ അദ്ദേഹം പ്രാർത്ഥിച്ചത് ആരോടാണ്? അല്ലാഹുവോട് മാത്രം. ഖുർആൻ പറയുന്നത് കാണുക:

''അയ്യൂബിനെയും (ഓർക്കുക.) തന്റെ രക്ഷിതാവിനെ വിളിച്ച് കൊണ്ട് അദ്ദേഹം ഇപ്രകാരം പ്രാർത്ഥിച്ച സന്ദർഭം: എനിക്കിതാ കഷ്ടപ്പാട് ബാധിച്ചിരിക്കുന്നു. നീ കാരുണികരിൽ വെച്ച് ഏറ്റവും കരുണയുള്ളവനാണല്ലോ. അപ്പോൾ അദ്ദേഹത്തിന് നാം ഉത്തരം നൽകുകയും, അദ്ദേഹത്തിന് നേരിട്ട കഷ്ടപ്പാട് നാം അകറ്റിക്കളയുകയും ചെയ്തു.'' (അമ്പിയാഅ്: 83, 84)

നബി(സ്വ)യുടെയും സ്വഹാബത്തിന്റേയും കാലത്ത് അവർ നേരിട്ട ഏറ്റവും വലിയ പ്രതിസന്ധിയായിരുന്നല്ലൊ മുശ്‌രിക്കുകളുമായുള്ള ബദർ യുദ്ധം. ആയിരത്തോളം വരുന്ന മുശ്‌രിക്കുകളെ ബദറിൽ വെച്ച് നേരിട്ട നബി(സ്വ)യും ബദ്‌രീങ്ങളും അല്ലാഹുവോടാണ് പ്രാർത്ഥിച്ചതെന്ന് ഖുർആൻ പറയുന്നു:

''നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് സഹായം തേടിയിരുന്ന സന്ദർഭം (ഓർക്കുക.) തുടരെത്തുടരെയായി ആയിരം മലക്കുകളെ അയച്ചുകൊണ്ട് ഞാൻ നിങ്ങൾക്ക് സഹായം നൽകുന്നതാണ് എന്ന് അവൻ അപ്പോൾ നിങ്ങൾക്കു മറുപടി നൽകി.'' (അൻഫാൽ: 9)

മുസ്‌ലിംകളായ നമ്മൾ ഏതൊരു ഘട്ടത്തിലും അല്ലാഹുവിനോട് മാത്രമേ പ്രാർത്ഥിക്കാവൂ എന്നാണ് മേലെ വായിച്ച ആയത്തുകളിൽ നിന്നെല്ലാം മനസ്സിലാകുന്നത്. അമ്പിയാക്കന്മാരും ഔലിയാക്കന്മാരും ചെയ്ത ആ മാർഗമാണ് നമുക്ക് അനുയോജ്യമായത്. അല്ലാഹുവിനേട് പ്രാർത്ഥിക്കുന്നതിന് പകരം അമ്പിയാക്കന്മാരോടും ഔലിയാക്കന്മാരോടും, തങ്ങന്മാരോടും ബീവിമാരോടും പ്രാർഥിക്കുന്നത് ശിർക്കാണ്. അഥവാ അല്ലാഹുവിൽ പങ്ക് ചേർക്കലാണ്. അല്ലാഹു തആല ഒരിക്കലും പൊറുക്കാത്ത പാപമാണ് ശിർക്ക്. അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കുന്നവർ നിന്ദ്യരായി നരകത്തിൽ കിടക്കേണ്ടിവരുമെന്നാണ് ഖുർആൻ പറയുന്നത്.

''നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച.'' (ഗാഫിർ: 60)

നമ്മെ ഏറെ ചിന്തിപ്പിക്കേണ്ട വചനമാണിത്. ഏകദൈവവിശ്വാസത്തിന്റെ മാധുര്യമറിയാനാകാതെ പരശ്ശതം ആളുകൾ നമ്മുടെ ചുറ്റുവട്ടത്തുണ്ട്. തികഞ്ഞ ബഹുദൈവാരാധനിലാണവർ. തങ്ങളെ സൃഷ്ടിക്കുകയും, പരിപാലിക്കുകയും ചെയ്യുന്ന, സകലകാര്യങ്ങളും അറിയുകയും നിയന്ത്രിക്കുകയും ചെയ്യുന്ന സാക്ഷാൽ രക്ഷിതാവിലേക്ക് കയ്യുയർത്താൻ സാധിക്കാത്തത് ദൗർഭാഗ്യം തന്നെയാണ്. അതിലും വലിയ ദൗർഭാഗ്യമാണ് അതേനിലയിൽ മരണമടഞ്ഞ് ശാശ്വതമായി നരകത്തിലകപ്പെടുക എന്നത്.

കരുണാവാരിധിയായ റബ്ബ് അവർക്ക് നൽകാത്ത സൗഭാഗ്യമാണ് നമുക്ക് നൽകിയിട്ടുള്ളത്. പക്ഷെ, മുസ്‌ലിംകളാണെന്ന് പറയുകയും ശിർക്കിന്റെ പ്രവർത്തനങ്ങൾ ജീവിതത്തിൽ വെച്ചുപുലർത്തുകയും ചെയ്യുന്നവരാണധികവും. ഔലിയാക്കൻമാരുടെ മാധ്യസ്ഥമില്ലെങ്കിൽ അല്ലാഹുവിൽ നിന്ന് യാതൊന്നും നേടാനാവില്ല എന്ന് വിശ്വസിക്കുന്നവർ വഴികേടിലാണ് ജീവിക്കുന്നത്. അല്ലാഹുവിനേക്കാൾ, വലിയ്യുകളേയും, ജാറങ്ങളേയും, മഖാമുകളേയും ആശ്രയിക്കുന്ന അവസ്ഥയിലാണ് ഭൂരിഭാഗം മുസ്‌ലിമുകളും. എന്നാണ് ഈ സഹോദരങ്ങൾക്ക് യഥാർത്ഥ ബോധം വരിക!

അല്ലാഹു കാരുണ്യവാനാണെന്നും, അടിമകളുടെ ഏത് ആവശ്യവും നിവൃത്തിക്കാൻ അവൻ മതിയായവനാണെന്നും, ആത്യന്തികമായ ആശ്രയം അവനാണെന്നും ബോധ്യപ്പെട്ടാൽ പിന്നെ, മധ്യസ്ഥന്മാരെത്തേടിയുള്ള മുസ്‌ലിം ഉമ്മത്തിന്റെ നോട്ടോട്ടം അവസാനിക്കും.

ഖുർആനും സുന്നത്തുമനുസരിച്ച് ജീവിക്കാൻ തയ്യാറാകുന്നവർക്കാണ് ദുനിയാവിലും പരരോകത്തിലും വിജയികളാകാനാകുക എന്ന പാഠം ജനങ്ങളിലുണ്ടാക്കുക. അല്ലാഹുവിനെ മാത്രം ആരാധിക്കുന്ന, അവനോട് മാത്രം പ്രാർത്ഥിക്കുന്ന സച്ചരിതരായ വിശ്വാസികളിലുൾപ്പെടാൻ പരിശ്രമിക്കുകയും, അതിലേക്ക് ജനങ്ങളെ വിളിക്കുകയും ചെയ്യുക. അമ്പിയാക്കൻമാരുടെ പാതയാണത്.

●